# സ്ത്രീധനം കൂടുതൽ വാങ്ങുന്നവരെ ശിക്ഷിക്കാൻ പാർവതീഭായിയുടെ വിളംബരം

ഇത് വെറും പ്രസംഗമോ, പ്രചരണമോ, മേനി പറച്ചിലോ അല്ല. സ്ത്രീധനം കൊടുക്കാൻ കഴിയാത്തതിൻെറ പേരിൽ പുര നിറഞ്ഞുനിന്ന കന്യകകളെ കണ്ട് കണ്ണുനിറഞ്ഞ ഒരു റാണിയുടെ ഉത്തരവാണ്. സ്ത്രീധനം കൂടുതൽ വാങ്ങുന്നത് കുറ്റകരമാക്കാനും വാങ്ങുന്നവരെ തടവിലാക്കി ധർമ്മശാസ്ത്രപ്രകാരം വിചാരണ ചെയ്ത് ശിക്ഷിക്കാനും വിളംബരം പുറപ്പെടുവിച്ചത് 1815 മുതൽ 1829 വരെ തിരുവിതാംകൂർ ഭരിച്ച റാണി പാർവതീഭായി ആണ്. സ്വാതിതിരുനാളിൻെറ അമ്മ ലക്ഷ്മീഭായിയുടെ മരണത്തെത്തുടർന്നാണ് അവരുടെ സഹോദരി കൂടിയായ പാർവതീഭായി തിരുവിതാംകൂർ ഭരിച്ചത്. സ്വാതി തിരുനാൾ പ്രായപൂർത്തിയാകുന്നതുവരെ അവരുടെ ഭരണം തുടർന്നു. ഇക്കാലത്താണ് തിരുവിതാംകൂറിൽ സാമൂഹ്യ-വിദ്യാഭ്യാസരംഗത്ത് ശ്രദ്ധേയമായ പല പരിഷ്കാരങ്ങളും കൊണ്ടുവന്നത്. അന്ന് റസിഡൻറായിരുന്ന കേണൽ മൺറോ ദിവാൻ പദവി വഹിച്ചിരുന്നുവെന്നും അദ്ദേഹമാണ് അന്നത്തെ പരിഷ്കാരങ്ങൾക്ക് ഉത്തരവാദിയെന്നുമുള്ള വാദമുണ്ട്. മൺറോയുടെയും തുടർന്ന് വന്ന റസിഡൻറുമാരുടെയും സേവനം പ്രധാനം തന്നെയാണ്. എങ്കിലും റാണി പാർവതീഭായിക്ക് ഭരണകാര്യത്തിലും സാമൂഹ്യ മാറ്റങ്ങളിലും അവരുടേതായ തീരുമാനങ്ങളും ഉണ്ടായിരുന്നുവെന്ന് അക്കാലത്തെ രേഖകൾ തെളിയിക്കുന്നു. അതിൽ ഒന്നാണ് ബ്രാഹ്മണരുടെ ഇടയിൽ നിലനിന്നിരുന്ന സ്ത്രീധനസമ്പ്രദായത്തിന് റാണി പരിധി ഏർപ്പെടുത്തിക്കൊണ്ട് നടത്തിയ വിളംബരം.

നമ്പൂതിരി സമുദായത്തിൽ കന്യകമാരെ വിവാഹം ചെയ്തുകൊടുക്കാൻ 'വരദക്ഷിണ' എന്ന പേരിൽ സ്ത്രീധന സമ്പ്രദായം നിലനിന്നിരുന്നു. ഈ തുക കൊടുക്കാൻ കഴിയാത്തതു കാരണം ധാരാളം കന്യകമാർ ഇല്ലങ്ങളിൽ



**പാർവതീഭായി**

പുര നിറഞ്ഞു നിന്നിരുന്നു. ഇത് മനസ്സിലാക്കിയാണ് 1823ൽ റാണി പാർവതീഭായി താഴെ കാണുന്ന വിളംബരം പുറപ്പെടുവിച്ചത്.

*"മലയാളത്തു നമ്പൂതിരിമാരുടെയും പോറ്റിമാരുടെയും വകയിലുള്ള കന്യകമാരെ വിവാഹം കഴിച്ചുകൊടുക്കുമ്പോൾ വരദക്ഷിണ വകയ്ക്ക് ഒരു നിശ്ചയം ഇല്ലാതെ ആയിരം രണ്ടായിരവും അതിലധികവും പണം കൊടുക്കണമെന്നുള്ള ചട്ടം നടന്നുവരുന്ന കാരണത്താൽ ആസ്തിക്ക് വകയില്ലാതെ സന്തതിബ്രഹ്മസ്വമായിട്ടുള്ള ഉല്പത്തികൾ വിറ്റ് നശിപ്പിക്കുകയും ചിലർക്ക് ആസ്തിക്ക് വകയില്ലാത്തതിനാൽ കന്യകകളെ 30-ഉം 40-ഉം വയസ്സുവരെയ്ക്കും വിവാഹം കഴിച്ചുകൊടുപ്പാൻ ഇടമില്ലാതെ അതിൽ ചിലത് ദോഷപ്പെട്ടു പോവുകയും മറ്റും ഏറിയ നാനാവിധങ്ങളായിട്ടും തീർന്നിരിക്കകൊണ്ടും മെൽ അതിമ്പണ്ണം വരാതെ രാജ്യത്തെക്കും പ്രജകൾക്കും അഭിവൃത്തി ആയിട്ടും ശ്രെയസ്സായിട്ടും വരെണ്ടുന്നതിന് നാം നിശ്ചയിച്ച് വിളംബരം പ്രസിദ്ധപ്പെടുത്തുന്നത് എന്തെന്നാൽ -*

*നമ്മുടെ രാജ്യത്തിൽ ഇരിക്കുന്ന നമ്പൂതിരീടെയും പോറ്റിമാരുടെയും കന്യകകളെ ഒക്കയും പത്തു വയസ്സിനു മേൽ 14 വയസ്സിനകം വിവാഹം കഴിച്ചുകൊടുത്തുകൊള്ളുകയും വേണം. വരദക്ഷിണ അധികം കൊടുക്കണമെന്ന് ചൊദിക്കുന്ന കാരണത്താൽ ആസ്തിന് ഗതിയില്ലാതെ വിവാഹം കഴിച്ചുകൊടുക്കുന്നതിന് താമസം വരുന്നതാകകൊണ്ടു വരദക്ഷിണ വകക്ക് കന്യക ഒന്നിന് 900 കലിയൻ അല്ലാതെ അതിലധികം കൊടുക്കുകയും വാങ്ങുകയും ചെയ്തുപോകയും അരുത്. ഇതുവരക്കും വിവാഹം കഴിപ്പിച്ചുകൊടുക്കാതെ 14 വയസ്സിന് അധികം പ്രായം ചെന്നിരിക്കുന്ന കന്യകകളെ ഒക്കെയും രണ്ട് സംവത്സരത്തിനകം വിവാഹംകഴിച്ചു കൊടുത്തു മെലും രം നിശ്ചയിച്ചിരിക്കുന്ന ചട്ടങ്ങൾ നമ്മുടെ രാജ്യത്തു പാർക്കുന്ന നമ്പൂതിരിമാര പോറ്റിമാര എല്ലാരും അനുസരിച്ച് നടന്നുകൊള്ളുകയും വേണം. രം ചട്ടത്തിന് ആരെങ്കിലും വ്യത്യാസമായിട്ടു നടക്കുകയും വിരൊധങ്ങളായിട്ട് ശ്രമിക്കുകയും ചെയ്താൽ അയാളുടെ കൊർട്ടിൽ ഏൽപ്പിച്ച് ധർമ്മശാസ്ത്ര പ്രകാരം ഉള്ള ശിക്ഷക്കു ഉൾപ്പെടുത്തുകയും ചെയ്യും".*




**മലയിൻകീഴ് ഗോപാലകൃഷ്ണൻ**